**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1430** **10-10-2024 - ൽ മറുപടിയ്ക്ക്**

**കെ-ടെറ്റ് യോഗ്യത നേടാനുള്ള അദ്ധ്യാപകർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെ-ടെറ്റ്) പാസ്സാകാത്ത എത്ര അദ്ധ്യാപകരുണ്ടെന്ന് സർക്കാർ, എയ്ഡഡ് തിരിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ 489 അധ്യാപകരും എയ്ഡഡ് സ്കൂളുകളിൽ 1397 അധ്യാപകരും കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെ-ടെറ്റ്) പാസ്സാകാത്തവരായുണ്ട്. |
| (ബി) | കേന്ദ്ര വിദ്യാഭ്യാസ നിയമ പ്രകാരം എന്ന് മുതലുള്ള നിയമനങ്ങൾക്കാണ് കെ-ടെറ്റ് യോഗ്യത നിർബന്ധമാക്കിയിട്ടുള്ളതെന്നും, പിന്നീട് എഴുതി എടുക്കണമെന്ന ഇളവോടെ എത്ര പേർക്ക് നിയമനം നൽകിയെന്നും അറിയിക്കാമോ; അവരിൽ എത്ര പേർ പിന്നീട് യോഗ്യത നേടി എന്നും, ബാക്കിയുള്ള അദ്ധ്യാപകരുടെ കാര്യത്തിൽ എന്ത് തീരുമാനമാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കാമോ? | (ബി) | 2009 ലെ കേന്ദ്ര വിദ്യാഭ്യാസ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ 20.07.2011 ന് ശേഷമുള്ള പി.എസ്.സി വിജ്ഞാപനപ്രകാരം നിയമനം ലഭിച്ച അധ്യാപകർക്കും എയ്ഡഡ് സ്കൂളുകളിൽ 01.06.2012 മുതലുള്ള അധ്യാപക നിയമനങ്ങൾക്കുമാണ് കെ.ടെറ്റ് നിർബന്ധമാക്കിയിട്ടുള്ളത്. പിന്നീട് എഴുതി എടുക്കണമെന്ന ഇളവോടെ 5249 പേർക്ക് നിയമനം നൽകുകയും ആയതിൽ 4245 പേർ പിന്നീട് യോഗ്യത നേടുകയും ചെയ്തിട്ടുണ്ട്. യോഗ്യത നേടാത്തവരുടെ വിഷയത്തിൽ എന്ത് തീരുമാനം കൈക്കൊള്ളണമെന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ